# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 945** 05-02-2020-ലെ മറുപടി

**<u>കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ജലവിതരണം</u>**

<u>ചോദ്യം</u> <u>മറുപടി</u>

ശ്രീ.വി.പി.സജീന്ദ്രൻ

കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| | കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പ്രധാന ജലസ്രോതസ്സായ പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട് കനാലിൽ കൂടിയുള്ള ജലവിതരണം സുഗമമായി നടത്തുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | എസ്.ഡി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പി.വി.ഐ.പി കനാലുകളിലെ അടിയന്തിര പ്രാധാന്യമുള്ള പുനരുദ്ധാരണ ജോലികൾ പൂർത്തീകരിച്ചു വരുന്നു. കനാലുകളിലെ ചെളിയും മാലിന്യങ്ങളും നീക്കംചെയ്തും കാടുവെട്ടിയും വൃത്തിയാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളോട് നിർദ്ദേശിച്ചിട്ടുണ്ട്. കുടിവെള്ളത്തിന്റെയും കാർഷികാവശ്യങ്ങളുടെയും മുൻഗണന പരിഗണിച്ച് ജനുവരി 8,9,24,25 എന്നീ ദിവസങ്ങളിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പി.വി.ഐ.പി കനാലുകളിൽകൂടി ഭൂരിഭാഗം പ്രദേശങ്ങളിൽ ജലവിതരണം എത്തിക്കുകയും ചെയ്തു. 31/01/2020 തീയതിയിൽ പഞ്ചായത്ത് പ്രതിനിധികളും കർഷക സമിതികളും കൃഷി ഓഫീസർമാരും ഉൾപ്പെട്ട അവലോകന യോഗത്തിൽ സുഗമമായി ജലവിതരണം നടത്തുന്നതിന് ഒരു രൂപരേഖ തയ്യാറാക്കി അടുത്ത ടേണിലെ ജലവിതരണത്തിന് മുൻപായി പ്രാവർത്തികമാക്കുന്നതിനും തീരുമാനം എടുത്തു. |

സെക്ഷൻ ഓഫീസർ